## പതിനാലാം കേരള നിയമസഭ

## ബുള്ളറ്റിൻ ഭാഗം - 2

## 2018 സെപ്റ്റംബർ 18

**നമ്പർ** : 532

## നിയമസഭാ സാമാജികർ വിദേശയാത്ര നടത്തുമ്പോൾ കേന്ദ്ര വിദേശകാര്യമന്ത്രാലയത്തിന്റെ മുൻകൂർ അനുമതി തേടണമെന്ന നിബന്ധന സംബന്ധിച്ച്

നിയമസഭാംഗം എന്ന നിലയിൽ നിയമസഭാ സാമാജികർ വിദേശയാത്രകൾ നടത്തുമ്പോഴോ വിദേശസർക്കാറുകളുടേയോ വിദേശത്തു പ്രവർത്തിക്കുന്ന സംഘടനകളുടേയോ ആതിഥ്യം സ്വീകരിക്കുന്ന വേളയിലോ കേന്ദ്ര വിദേശകാര്യമന്ത്രാലയത്തിന്റെ മുൻകൂർ അനുമതി (Political Clearance) തേടേണ്ടതാണെന്ന് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിബന്ധന പാലിക്കുന്നതിൽ ചില നിയമസഭാ സാമാജികർ വീഴ്ച വരുത്തിയതായി കേന്ദ്രവിദേശകാര്യമന്ത്രാലയം ലോക്സഭാ സെക്രട്ടേറിയറ്റ് മുഖേന അറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ നിയമസഭാ സാമാജികർ നിയമസഭാംഗം എന്ന നിലയിൽ വിദേശയാത്രകൾ നടത്തുമ്പോഴും വിദേശ സർക്കാരുകളുടേയോ വിദേശത്ത് പ്രവർത്തിക്കുന്ന സംഘടനകളുടേയോ ആതിഥ്യം സ്വീകരിക്കുന്ന സന്ദർഭങ്ങളിലും സ്വന്തം നിലയിൽ കേന്ദ്ര വിദേശകാര്യമന്ത്രാലയത്തിൽ നിന്ന് ആവശ്യമായ മുൻകൂർ അനുമതി (Political Clearance) വാങ്ങേണ്ടതാണ് എന്ന് ബഹു.സ്പീക്കർ നിർദ്ദേശിച്ചിരിക്കുന്നു.

വി.കെ.ബാബുപ്രകാശ്,

സെക്രട്ടറി.